LIBRARY ARCHIVES Kerala Legislative Assembly

**വാർദ്ധക്യകാല പെൻഷൻ അപേക്ഷ തീർപ്പാക്കാൻ നടപടി**

**197 (7496)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ വാർദ്ധക്യകാല പെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം വരുന്നതുസംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അപേക്ഷകളിൽ അടിയന്തരനടപടി സ്വീകരിക്കുമോ ;

(സി) ഓരോ പഞ്ചായത്തിലും അദാലത്തുകൾ സംഘടിപ്പിച്ച് പെൻഷൻ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) സമ്പൂർണ്ണ പെൻഷൻ പദ്ധതി പ്രകാരം അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് അർഹതയുള്ള മുഴുവൻ പേർക്കും 2014 ഫെബ്രുവരിയോടെ പെൻഷൻ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ അദാലത്തുകൾ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ നിലവിലില്ല.

**ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിക്കാൻ നടപടി**

**198 (7497)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട് ; നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകാൻ ഇതുവരെ തുക അനുവദിക്കാത്തതുകാരണം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തുനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?